
# ആഗോള മുതൽമുടക്കു മേളയെ ഉപരോധിക്കുന്നത് എന്തിന്?




വിദേശ കുത്തക മുതൽമുടക്കു വിരുദ്ധ സമരസമിതി

**2002** ജനുവരിയിൽ കൊച്ചിയിൽ വച്ച് വിദേശ നിക്ഷേപകരെ കേരളത്തിലേക്ക് ആനയിക്കാനുള്ള മഹാമേള പ്രധാനമന്ത്രി വാജ്പേയിയുടെ അദ്ധ്യക്ഷതയിൽ നടക്കുകയാണ്. ഈ 'മേള' വിജയിപ്പിക്കുവാൻ സർക്കാരിന്റെ എല്ലാ വകുപ്പുകളും ഉദ്യോഗസ്ഥരും മന്ത്രിമാരും അടുത്ത ഒരു മാസക്കാലം 'യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിക്കണ'മെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവനയും വന്നിട്ടുണ്ട്. 'കേരളത്തിന്റെ വികസന സ്വപ്നങ്ങളുടെ സാക്ഷാത്ക്കരണ'മായിട്ടാണ് ആന്റണി ഈ മേളയെ വിശേഷിപ്പിച്ചിരിക്കുന്നത്. മേളയുടെ മുഖ്യസൂത്രധാരകനായ വ്യവസായമന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി, ഇതുകൊണ്ട് സർക്കാർ ലക്ഷ്യമിടുന്നതെന്തൊക്കെയാണെന്ന് 'മലയാളം' വാരികയ്ക്ക് അനുവദിച്ച അഭിമുഖത്തിൽ വ്യക്തമാക്കിയിട്ടുമുണ്ട്.

'എല്ലാ ഇൻവെസ്റ്റ്മെന്റുകളും കേരളത്തിലേക്ക് കൊണ്ടുവരിക എന്നതിനുപരിയായി ഞങ്ങളുദ്ദേശിക്കുന്നത് കേരളത്തിന്റെ വ്യവസായികാന്തരീക്ഷം സംബന്ധിച്ച് മികച്ചൊരു പ്രതിച്ഛായ രൂപപ്പെടുത്തുകയാണ്... വ്യവസായം മാത്രമല്ല, റോഡ്, പാലം, ജലസേചനം, ഗതാഗതം എന്നിങ്ങനെ എല്ലാ മേഖലകളിലും സ്വകാര്യനിക്ഷേപത്തിന് സാദ്ധ്യത ഒരുക്കാനുള്ള അന്തരീക്ഷമാണ് ഗ്ലോബൽ മീറ്റിലൂടെ രൂപീകരിക്കാൻ ശ്രമിക്കുന്നത്'- മന്ത്രി കാര്യങ്ങൾ വ്യക്തമാക്കിയിരിക്കുന്നു.

സാമ്രാജ്യത്ത ആഗോളവല്ക്കരണ പദ്ധതികളുമായി ആഗോളമുതൽമുടക്കിനുള്ള ബന്ധം, ഇതിനുമുമ്പ് നടന്നിട്ടുള്ള ഇത്തരം മുതൽമുടക്കുകൾക്ക് നമ്മുടെ വികസനത്തിൽ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ള സ്വാധീനം, നമ്മുടെ ജീവിതത്തിൽ ഉണ്ടാക്കിയിട്ടുള്ള പ്രത്യാഘാതങ്ങൾ തുടങ്ങിയവയെല്ലാം നാം പരിശോധനാവിധേയമാക്കേണ്ടിയിരിക്കുന്നു.

**എ.ഡി.ബി. പരിഷ്ക്കാരങ്ങൾ:** അമേരിക്കയും ജപ്പാനും നിയന്ത്രിക്കുന്ന ലോകബാങ്കിന്റെ ഒരു ശാഖയായ ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്ക് ആഗോള കുത്തക താല്പര്യങ്ങൾക്കനുസരിച്ച് കേരളീയ സമൂഹത്തിന്റെ പുന:സംഘടനയും പരിഷ്ക്കരണവുമാണ് ലക്ഷ്യമിടുന്നത്. അതിനായി അവർ കേരളത്തിൽ 3 പ്രോജക്ടുകളാണ് മുന്നോട്ടുവച്ചത്: (1) സംസ്ഥാന ധനകര്യ പരിഷ്കരണം (2) വൈദ്യുതി മേഖലയുടെ വികസനം (3) നഗരങ്ങളുടെ സുസ്ഥിര വികസനം. ഇതൊരു പരിഷ്ക്കരണ പരിപാടി മാത്രമാണ്, വികസന പദ്ധതിയല്ല. ഈ പരിപാടി നടപ്പിലാക്കുന്നതിന് 'നല്ലൊരു ഭരണസംവിധാനം' ആവശ്യമാണ്. അതിനവർ പറയുന്നത് 'ഗുഡ് ഗവർണൻസ്' എന്നാണ്.

1995-ലാണ് ഗുഡ് ഗവർണൻസ് - നല്ല ഭരണം- എന്ന നയത്തിന് എ.ഡി.ബി. രൂപം നൽകുന്നത്. 'കഠിന പ്രയത്നവും വളരെ ശേഷിയുള്ളതുമായ മാനേജ്മെന്റ്' എന്ന സങ്കൽപ്പമാണ് ഇതിലൂടെ അവർ മുന്നോട്ടുവയ്ക്കുന്നത്. കുറേക്കൂടി വ്യക്തമായി പറഞ്ഞാൽ കമ്പോള ചലനങ്ങൾക്കനുസരിച്ച് വഴങ്ങുന്ന സ്വഭാവമുള്ള ഒരു മാനേജ്മെന്റ്.

ലോകബാങ്ക് നിർദ്ദേശപ്രകാരം ഗുഡ് ഗവർണൻസിനെ സംബന്ധിച്ച 4 അടിസ്ഥാന തത്വങ്ങൾ എ.ഡി.ബി. മുന്നോട്ടുവച്ചിട്ടുണ്ട്: (1) പൊതുമേഖലയിൽ നിന്ന് പ്രതീക്ഷിക്കുന്ന ഫലമുണ്ടാകണം (2) സ്വകാര്യ മേഖലയുടെ വികസനത്തിന് ആവശ്യമായ ചട്ടക്കൂടുണ്ടാകണം (3) ഭരണം സുതാര്യമാക്കണം (4) ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തണം - ഇതിലൂടെ ഒരു നാടിന്റെ മൊത്തം വികസന പരിപ്രേക്ഷ്യത്തിന്റെയും നിയന്ത്രണം കൈക്കലാക്കുകയാണ് എ.ഡി.ബി. ചെയ്തുകൊണ്ടിരിക്കുന്നത്.

ഓക്‌ലാൻഡ് സർവകലാശാലയിലെ നിയമവിഭാഗം പ്രൊഫസ്സർ ജെയ്ൻ കെൽസ്സെയുടെ അഭിപ്രായത്തിൽ പരിമിതമായ അധികാരങ്ങളുള്ള ഒരു സർക്കാരിന്റെ ചുരുക്കപ്പേരാണ് 'ഗുഡ് ഗവർണൻസ്'. ഏതൊരു നാട്ടിലും പ്രാദേശിക ഉടമസ്ഥതകളും പൊതുവുടമസ്ഥതയും വികസന മുരടിപ്പ് ക്ഷണിച്ചുവരുത്തുമെന്ന് എ.ഡി.ബി. കണ്ടെത്തിയിട്ടുണ്ട്. ഭരണകൂട ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണത്തിലൂടെ, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിൽ സ്വകാര്യമേഖലയുടെ പങ്കാളിത്തം ഉറപ്പിക്കുന്നതിലൂടെ, മുതൽമുടക്കിലും വ്യാപാരകരാറുകളിലുമുള്ള ഉദാരവൽക്കരണങ്ങളിലൂടെ, വൻതോതിലുള്ള മത്സരങ്ങളിലൂടെ വികസനം സാധ്യമാക്കാൻ കഴിയുമെന്നാണ് അവരുടെ വിശ്വാസം. എ.ഡി.ബി.യുടെ 35-ാം വാർഷിക സമ്മേളനത്തിലെ മുഖ്യ അജണ്ടതന്നെ അധികാരത്തെയും സാമ്പത്തിക പരിഷ്ക്കാരങ്ങളേയും ലക്ഷ്യംവച്ച് നീങ്ങണമെന്ന നിർദ്ദേശമായിരുന്നു. മുതൽമുടക്കിന് പറ്റിയൊരു അന്തരീക്ഷം സൃഷ്ടിക്കണമെന്ന് കേരളത്തിലെ ഭരണാധികാരികൾ പറയുന്നത് ഈ എ.ഡി.ബി. നിർദ്ദേശമനുസരിച്ചുതന്നെയാണ്.

കേരളത്തിൽ ഇപ്പോൾ എ.ഡി.ബി. നടപ്പിലാക്കാൻപോകുന്ന ഘടനാപരമായ പരിഷ്ക്കാരങ്ങൾ ലോകത്ത് പലയിടങ്ങളിലും നടപ്പാക്കിക്കഴിഞ്ഞവയാണ്. പസഫിക് ദ്വീപുകളുടെ കാര്യം ഇതിനുദാഹരണമാണ്. 1995 മുതൽ ഇവിടെ നടന്ന എ.ഡി.ബി. പ്രേരിത പരിഷ്ക്കരണങ്ങളുടെ അനന്തരഫലമെന്തായിരുന്നുവെന്ന് '99ൽ പുറത്തുവന്ന റിപ്പോർട്ടുകൾ പരിശോധിച്ചാലറിയാം: പൊതുമേഖലയിലെ തൊഴിലവസരങ്ങൾ അവിടെ ഗണ്യമായി കുറഞ്ഞു. '96-'98 ൽ കൂക്കി ദ്വീപുകളിൽ 57 ശതമാനവും '96-'99-ൽ മൈക്രോനേഷ്യയിൽ 37 ശതമാനവും തൊഴിലവസരങ്ങൾ കുറഞ്ഞു. 2002 മാർച്ചിൽ ഓക്ക്‌ലാൻഡിൽ ചേർന്ന ട്രേഡ് യൂണിയൻ പ്രതിനിധികളുടെ യോഗം എ.ഡി.ബി. യുടെ ഈ 'വിപ്ലവകരമായ ഉടച്ചുവാർക്കൽ' ഭീകരമായ ആഘാതങ്ങളാണ് ഏല്പിച്ചിട്ടുള്ളതെന്ന് വിലയിരുത്തി. പൊതുജീവിതനിലവാരം വളരെ താഴ്ന്ന നിലയിലായി. 'ഉടച്ചുവാർക്കലി'ന്റെ മൊത്തം ഫലമെന്ന് പറയാവുന്നത് തൊഴിൽ നഷ്ടമാണ്. ഇവിടെ തീരെ ചെറിയ ദ്വീപുകളിൽ പോലും സർക്കാരായിരുന്നു മുഖ്യ തൊഴിൽദായകൻ. എന്നാൽ ഇന്ന്, 'ഘടനാപരമായ പരിഷ്ക്കാര'ങ്ങളും, 'ഉടച്ചുവാർക്കലു'കളും സ്വകാര്യമൂലധന നിക്ഷേപവുമെല്ലാം നടന്നുകഴിഞ്ഞപ്പോൾ തൊഴിലില്ലായ്മ രൂക്ഷമായി.

സാമൂഹ്യബന്ധങ്ങളുടെ ഇത്തരം ഉടച്ചുവാർക്കലിൽ തകർന്നുവീണത് സമൂഹത്തിന്റെ അടിസ്ഥാനശിലകളാണ്. ഒരു ദേശത്തിന്റെ ഭരണസംവിധാനത്തെയാകെ പാശ്ചാത്യവൽക്കരിക്കുകയാണ് പസഫിക്കിൽ ചെയ്തത്. ആ സമൂഹത്തിന്റെ കൂട്ടായ്മ തകർത്തു. ദേശീയമായ സർവസ്വാതന്ത്ര്യങ്ങളും ഇല്ലാതായി. എ.ഡി.ബി.യുടെ ഭരണപരിഷ്ക്കാരങ്ങളുമായി മുന്നോട്ടുപോകുന്ന ഭരണാധികാരികളും അതിനോട് അടിസ്ഥാനപരമായി വിയോജിക്കുകയോ, അതിനെതിരെ ബഹുജനപ്രതിഷേധം ഉയർത്തുകയോ ചെയ്തിട്ടില്ലാത്ത പ്രതിപക്ഷവും ഇന്ന് കേരളത്തെ എങ്ങോട്ടാണ് നയിക്കുന്നത്?

ആർ.സി.ചൗധരി കമ്മിറ്റി റിപ്പോർട്ടനുസരിച്ച് കേരളത്തിലെ 111 പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരണത്തിന്റെ ബോർഡ് തൂക്കാൻ തയ്യാറായി നിൽക്കുകയാണ്. ഈ കമ്മിറ്റിയുടെ പ്രത്യേകത സർക്കാരിന്റെ വിവിധ വകുപ്പുകളിലെ സെക്രട്ടറിമാരാണ് ഇതിനു പിന്നിലുണ്ടായിരുന്നത് എന്നതാണ്. പസഫിക് ദ്വീപുകളിൽ 'ദ്വീപുസമൂഹങ്ങളുടെ സംയുക്തസമിതി'യെയാണ് എ.ഡി.ബി. തങ്ങളുടെ അജണ്ട നട

പ്പിലാക്കാനുള്ള ഉത്തരവാദിത്തം ഏല്പിച്ചത്. അതുപോലെ കേരളത്തിലും ഒരുസംഘം ഉന്നത സർക്കാർ ഉദ്യോഗസ്ഥന്മാരും രാഷ്ട്രീയക്കാരും ഇപ്പോൾ ഒറ്റുകാരന്റെ വേഷം കെട്ടുന്നതിൽ അഭിമാനം കൊള്ളുകയാണ്. അതിന് കേരളീയർ നൽകേണ്ടിവരുന്ന വില നിശ്ചയമായും വളരെ വലുതായിരിക്കും.

ഗുജറാത്തിൽ ഭൂകമ്പ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തി പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊടുത്ത എ.ഡി.ബി. കോഴിക്കോട് ചേരി നിർമ്മാർജ്ജന യജ്ഞവുമായിട്ടാണ് അവതരിച്ചത്. അവർ കടന്നുകൂടുന്ന നാടുകളിലൊക്കെ ഇത്തരം ചില മിനുക്കുപണികൾ ചെയ്തിട്ടുണ്ട്. ആയിരിക്കണക്കിന് ചേരികൾ സൃഷ്ടിക്കുന്നവർതന്നെ ഒരുചേരിയെ പരിഷ്ക്കരിച്ചുകൊണ്ട് ചെയ്ത, ചെയ്യാനിരിക്കുന്ന പാതകങ്ങളുടെ ഉത്തരവാദിത്തത്തിൽ നിന്ന് കൈകഴുകിയൊഴിയാനുള്ള ഒരു വ്യഥാശ്രമം!

**ആഗോള മൂതൽമുടക്കിന്റെ പ്രത്യാഘാതങ്ങൾ:** ഐ.എം.എഫ്., ലോക ബാങ്ക്, ഡബ്ലിയു.ടി.ഒ., എ.ഡി.ബി. തുടങ്ങിയ ധനകാര്യ-വ്യാപാര ഏജൻസികളുടെ അജണ്ടയിലെ മുഖ്യയിനമാണ് മൂന്നാംലോക രാജ്യങ്ങളിൽ മൂലധന നിക്ഷേപം നടത്തി ആ രാജ്യങ്ങളുടെ ദേശീയ സമ്പത്തും അദ്ധ്വാനശേഷിയും പരമാവധി കവർന്നെടുക്കുക എന്നത്. കേരളത്തിൽ ഇപ്പോൾ നടത്തുന്ന മുതൽമുടക്കുകളെയും ആ നിലയിൽ വായിച്ചെടുക്കേണ്ടതുണ്ട്.

മന്ത്രിമാർ വികസനത്തെക്കുറിച്ച് ആവർത്തിച്ച് ജൽപിക്കുന്നുണ്ടെങ്കിലും വിദേശ മുതൽമുടക്ക് ലക്ഷ്യമിടുന്നത് വികസനത്തിന്റെ പാതയല്ലെന്ന് അവർ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ തന്നെ തെളിയിക്കുന്നുണ്ട്. കേരളത്തിലെ ഏതൊക്കെ മേഖലകളിൽ മുതൽമുടക്ക് നടത്തിയാൽ കൊള്ള നടത്താൻ കഴിയുമെന്ന് അവർക്കു നേരത്തെതന്നെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. എൻറോൺ എന്ന കോർപ്പറേറ്റ് ഭീകരന്റെ ഉദാഹരണം മാത്രമെടുത്ത് നമുക്കിത് മനസ്സിലാക്കാൻ ശ്രമിക്കാം.

1993-ൽ കോൺഗ്രസ് സർക്കാരാണ് മഹാരാഷ്ട്രയിൽ 695 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഒരു നിർമ്മാണകേന്ദ്രം തുടങ്ങാൻ എൻറോണുമായി പ്രാരംഭ കരാറൊപ്പിട്ടത്. അന്ന് പ്രതിപക്ഷത്തായിരുന്ന ബി.ജെ.പി.-ശിവസേനാ സഖ്യം സ്വദേശി പ്രക്ഷോഭണവുമായി രംഗത്തെത്തി. കോൺഗ്രസ് സർക്കാർ 62 കോടി രൂപ കോഴ വാങ്ങിയതായി അദ്വാനി പറഞ്ഞു. എന്നാൽ 1996-ൽ 13 ദിവസം മാത്രം കേന്ദ്രം ഭരിച്ച ബി.ജെ.പി. സർക്കാർ രാജിവച്ചൊഴിയുന്നതിന് തൊട്ടുമുൻപ് എൻറോണിന് അനുമതി നൽകി. 1996 ആഗസ്റ്റിൽ മഹാരാഷ്ട്ര സർക്കാർ എൻറോണുമായി അന്തിമ കരാറൊപ്പുവച്ചു. ഏറ്റവും നിർലജ്ജരായ പാദസേവകരെപ്പോലും അമ്പരപ്പിക്കുന്ന തരത്തിലുള്ള വ്യവസ്ഥകളാണ് ഈ കരാറിലുള്ളത്. 18 ശതമാനം സംഭരണശേഷി വർദ്ധിപ്പിക്കാൻ വേണ്ടി മഹാരാഷ്ട്ര സംസ്ഥാന വൈദ്യുതി ബോർഡിന്റെ റവന്യൂ വരുമാനത്തിന്റെ 70 ശതമാനം എൻറോണിനു കൊടുക്കേണ്ടിവരുന്ന ഒരു കരാറ്. ഈ ലജ്ജാകരമായ കരാറിനെതിരെ കൊടുത്ത ഒരു അപ്പീൽ സുപ്രീം കോടതി പോലും സ്വീകരിച്ചില്ല. മഹാരാഷ്ട്രയിൽ ലഭ്യമായ ഏറ്റവും കുറഞ്ഞ വൈദ്യുതി നിരക്കിനേക്കാൾ എൻറോണിന് 7 ഇരട്ടി വില കൂടുതൽ നൽകണം. ഒന്നാംഘട്ടത്തിൽ തന്നെ പ്രതിവർഷം 600 കോടി രൂപ സംസ്ഥാന വൈദ്യുതി ബോർഡ് എൻറോണിന് നൽകി. രണ്ടാം ഘട്ടത്തിൽ അതിന്റെ ഇരട്ടിയോളം നൽകണം; പ്രതിവർഷം 1,000 കോടി രൂപ വീതം അടുത്ത 40

വർഷത്തേക്ക് കൊടുക്കേണ്ടിവരും. മഹാരാഷ്ട്രയിലെ വ്യവസായികൾ വളരെ കുറഞ്ഞ ചിലവിൽ സ്വന്തം നിലയിൽ ചെറുകിട പദ്ധതികൾ വഴി വൈദ്യുതി ഉൽപ്പാദിപ്പിച്ചു തുടങ്ങിയപ്പോൾ എൻറോൺ വൈദ്യുതി ആവശ്യമില്ലാതായി. വൈദ്യുതി ബോർഡിന് സാമ്പത്തികഭാരം ഏറി. അവരിപ്പോൾ ചെറുകിട സ്വകാര്യ ജനറേറ്ററുകൾ നിരോധിച്ച് എൻറോൺ വൈദ്യുതി അമിതവിലയ്ക്ക് വ്യവസായികളെ ഭീഷണിപ്പെടുത്തി വാങ്ങിപ്പിച്ചുകൊണ്ടിരിക്കുന്നു. എൻറോൺ പവർനിലയം നിർമ്മിക്കാൻ പണം സ്വരൂപിച്ചത് ഇന്ത്യൻ ബാങ്കുകളിൽ നിന്നുതന്നെയാണെന്നതാണ് മറ്റൊരു കാര്യം. അവരുടെതന്നെ കണക്കുകൾ പ്രകാരം 6,200 കോടി രൂപ സമാഹരിച്ചു; 5,920 കോടി ചെലവായി; ബാക്കി 280 കോടി ഈ ഭീകരൻ വിഴുങ്ങി.

സ്വകാര്യവൽക്കരണത്തിന്റെ പേരിൽ വ്യാവസായിക സമ്പദ്ഘടനയുടെ നട്ടെല്ലായ പൊതുമേഖലാ സ്ഥാപനങ്ങളെ ഇന്ന് ആഗോളകുത്തകകൾ ഭാഗംഭാഗമായി വിഴുങ്ങിക്കൊണ്ടിരിക്കുകയാണ്. വിലപ്പെട്ട എണ്ണനിക്ഷേപങ്ങൾ വിദേശ കുത്തക കമ്പനികൾക്ക് കൈമാറിക്കഴിഞ്ഞു. കമ്പിത്തപാൽ, റെയിൽവേ, പത്രമാദ്ധ്യമങ്ങൾ തുടങ്ങിയവയെല്ലം വിദേശ കുത്തകകളുടെ കൈകളിലേയ്ക്ക് ഒതുക്കിയെടുക്കുവാനുള്ള ഗൂഢനീക്കങ്ങാണ് നടക്കുന്നത്. സമൂഹത്തിന്റെ കൂട്ടായ അദ്ധ്വാനഫലമായുണ്ടായ പൊതുമുതലാണ് ഈ വിധത്തിൽ വിദേശ കുത്തകകൾക്ക് അടിയറ വയ്ക്കുന്നതെന്നോർക്കണം. ഇതാകട്ടെ നിലിവിലുണ്ടായിരുന്ന തൊഴിൽ സാദ്ധ്യതകളെപ്പോലും അപകടപ്പെടുത്തിയിരിക്കുന്നു. പിരിച്ചുവിടലുകളും അടച്ചുപൂട്ടലുകളും വ്യാവസായിക രംഗത്തെ സ്വകാര്യവൽക്കരണഫലമായി ഒരു നിത്യപ്രതിഭാസമായിക്കഴിഞ്ഞിരിക്കുന്നു. തൊഴിലില്ലായ്മ ഇനിയും ആളിപ്പടരാനാണ് സാദ്ധ്യത.

ഇന്ത്യയിലാദ്യമായി വൈദ്യുതി മേഖലയുടെ സ്വകാര്യവൽക്കരണം നടപ്പാക്കിയത് ഒറീസ്സയിലാണ്. ലോകബാങ്കിന്റെ മേൽനോട്ടത്തിൽ 1996-ൽ ആരംഭിച്ച ഈ പരിഷ്ക്കരണ പദ്ധതിയെ മറ്റുപല സംസ്ഥാനങ്ങളും മാതൃകയാക്കി. ഉൽപ്പാദനം, പ്രസരണം, വിതരണം എന്നിങ്ങനെ 3 മേഖലകളായി ഒറീസ്സ വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങൾ വിഭജിക്കുകയും എ.ഇ.എസ്. കോർപ്പറേഷൻ എന്ന അമേരിക്കൻ ബഹുരാഷ്ട്രകുത്തകയ്ക്ക് വിതരണശൃംഖലയിൽ പ്രവേശനം നൽകുകയും ചെയ്തു. പ്രസരണ/വിതരണ നഷ്ടം വെട്ടിക്കുറയ്ക്കുക, വൈദ്യുതി ഉൽപ്പാദന ചെലവിനൊപ്പം വരുമാനം വർദ്ധിപ്പിക്കുക, സർക്കാർ സബ്സിഡി നിർത്തലാക്കുക എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങളോടെയാണ് സ്വകാര്യവൽക്കരണ പരിഷ്ക്കരണം ആരംഭിച്ചത്. 5 വർഷം കഴിഞ്ഞതോടെ വൈദ്യുതിവിതരണം താറുമാറായി. ഇതേക്കുറിച്ച് അന്വേഷിക്കാൻ ഒറീസ്സാ സർക്കാർ കാനുങ്കോ കമ്മിറ്റിയെ നിയോഗിച്ചു. സ്വകാര്യവൽക്കരണത്തിന്റെ ബാക്കിപത്രം ഈയിടെ കാനുങ്കോ കമ്മിറ്റി വെളിപ്പെടുത്തി - 1996-ൽ 39.5 ശതമാനമായിരുന്ന പ്രസരണ നഷ്ടം 2001-ൽ 44 ശതമാനമായി. പ്രസരണ ചുമതല ഏറ്റെടുത്ത സർക്കാർ ഉടമയിലുള്ള ഗ്രിഡ്കോ എൻ.ടി.പി.സി.ക്കും മറ്റു വൈദ്യുതി ഉൽപാദകർക്കും ഇന്ന് 2,310 കോടി രൂപ കൊടുക്കാനുണ്ട്. 1996-ൽ ഒറീസ്സാ വൈദ്യുതി ബോർഡിന്റെ ബാദ്ധ്യത 1,667 കോടി രൂപയായിരുന്നു. വിതരണ രംഗത്തുള്ള സെസ്കോ (ഇതിലാണ് അമേരിക്കൻ കുത്തക മുതൽമുടക്കിയത്) ഗ്രിഡ്കോയിൽ നിന്ന് വാങ്ങിയ വൈദ്യുതിയുടെ വില വേണ്ടസമയത്ത് നൽകാതിരുന്നതുകൊണ്ടാണത്രെ ബാദ്ധ്യത ഇത്രയധികം വർദ്ധിച്ചത്. പോരാത്തതിന്, ഇത്രയും വർഷത്തെ തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട്

/ പെൻഷൻ വിഹിതത്തിൽ ഒരു പൈസപോലും അടയ്ക്കാതിരുന്ന സെസ്കോയിൽ നിന്ന് അമേരിക്കൻ കുത്തക ഒഴിഞ്ഞുപോവുകയും ചെയ്തിരിക്കുന്നു. ജൂലൈ 2001 മുതൽ ശമ്പളം നൽകാത്തതിന്റെ 656 കോടി രൂപ ബാധ്യത വേറെയുമുണ്ട്. ഒടുവിൽ, ഒറീസ്സാ വൈദ്യുതി നിയന്ത്രണ കമ്മീഷൻ കമ്പനിയുടെ നടത്തിപ്പുചുമതല വീണ്ടും ഒറീസ്സാ സർക്കാരിനെ ഏല്പിച്ചിരിക്കുകയാണ്. ഇത്രയൊക്കെയായിട്ടും സ്വകാര്യവൽക്കരണത്തിലൂടെ അമേരിക്കൻ കുത്തക നടത്തിയ കൊള്ളയെയല്ല പ്രധാന കുറ്റവാളിയായി കണ്ടിരിക്കുന്നത്. സർക്കാർ സബ്സിഡി നിർത്തിയതാണുപോലും നഷ്ടം വരാൻ കാരണം. അതായത്, സബ്സിഡി ചിലവ് നിർത്താനല്ല, ആ പണം സ്വകാര്യ കുത്തകകളുടെ അക്കൗണ്ടിൽ നിറയാനാണ് സ്വകാര്യവൽക്കരണം! (ഒറീസ്സയുടെ അനുഭവം കണക്കിലെടുത്ത് ഡൽഹി സർക്കാർ നടപ്പാക്കുന്ന വൈദ്യുതിമേഖല സ്വകാര്യവൽക്കരണത്തിൽ പങ്കെടുക്കുന്ന കുത്തകകൾക്ക് 2,600 കോടി രൂപ സബ്സിഡി നൽകുമെന്ന് തീരുമാനിച്ചിട്ടുണ്ട്.)

സാമ്രാജ്യത്ത കൊള്ളയുടെ കഥ ഇനിയുമുണ്ട്, ഒറീസ്സാ മാതൃകയിൽ. വൈദ്യുതി മേഖല സ്വകാര്യവൽക്കരണം നടപ്പാക്കാൻ ലോകബാങ്ക് 630 കോടി രൂപയുടെ കടം നൽകിയിരുന്നു. പരിഷ്ക്കരണ മാതൃക തയ്യാറാക്കിയ വകയിൽ വിവിധ സാമ്രാജ്യത്ത കൺസൾട്ടൻസി കമ്പനികൾക്ക് (ഇതിൽ കേരള സർക്കാരിനെ ഉപദേശിക്കുന്ന പ്രൈസ് വാട്ടർ ഹൗസ് കമ്പനിയും ഉൾപ്പെടും) കിട്ടിയത് 567 കോടി രൂപ (ഇതിൽ വലിയൊരു പങ്ക് ബ്രിട്ടീഷ് സർക്കാർ നൽകിയ മറ്റൊരു കടത്തിൽ നിന്നാണ് കൊടുത്തത്).

ചുരുക്കത്തിൽ സ്വകാര്യവൽക്കരണം 5 വർഷം പിന്നിട്ടപ്പോൾ വൈദ്യുതിനഷ്ടം വർദ്ധിച്ചു. വേണ്ടസമയത്ത് വേണ്ടത്ര വൈദ്യുതി കിട്ടാതെ ജനങ്ങൾ വലയുന്നു; സർക്കാർ ബാധ്യത 5 ഇരട്ടിയായി; തൊഴിലാളികളുടെ പെൻഷൻ/പ്രോവിഡന്റ് ഫണ്ട് വിഹിതവും കൂടി കട്ടെടുത്ത് അമേരിക്കൻ കുത്തക നാടുകടന്നു; കുറെ സാമ്രാജ്യത്ത കൺസൾട്ടൻസികൾക്ക് കോളടിച്ചു; ഇനി ലോകബാങ്ക്/ബ്രിട്ടീഷ് കടംവീട്ടുന്നത് ബാക്കി നിൽക്കുകയും ചെയ്യുന്നു.

വിദേശ മുതൽമുടക്കിലൂടെ കേരളീയരുടെ വെള്ളംകുടി മുട്ടുമോ? കുടിവെള്ളത്തിന്റെ പേറ്റന്റ് സാർവദേശീയ തലത്തിൽതന്നെ ലോകബാങ്ക് ഏറ്റെടുത്തിരിക്കുകയാണ്. അതിനായി ഒരു പദ്ധതിതന്നെ അവർ തയ്യാറാക്കിയിട്ടുണ്ട്. 'മാനേജ്മെന്റ്' വ്യവസ്ഥയിലോ സൗജന്യങ്ങളുടെ അടിസ്ഥാനത്തിലോ കുടിവെള്ള വിതരണം സ്വകാര്യമേഖലയ്ക്ക് വിട്ടുകൊടുക്കണമെന്ന് ആദ്യമവർ ഭരണകേന്ദ്രങ്ങളിൽ സമ്മർദ്ദം ചെലുത്തും. അവരെ സംബന്ധിച്ചിടത്തോളം കുടിവെള്ളപ്രശ്ന പരിഹാരത്തിനുള്ള ഏകമാർഗം സ്വകാര്യവൽക്കരണമാണ്. ലോകബാങ്കിന്റെ ജലവിഭാഗവും ആഗോള ജലവ്യാപാര കമ്പനികളും ചേർന്ന് ഇതിനായി ചില നീക്കങ്ങൾ നടത്തിയിട്ടുണ്ട്. ഇതിനെ പൊതു-സ്വകാര്യ പങ്കാളിത്തം എന്നു വിളിക്കുന്നു.

ലോകത്തിലെ രണ്ടു വലിയ ബഹുരാഷ്ട്ര ജലവിതരണ കമ്പനികളാണ് വിനെണ്ടി, ആർ.ഡബ്ലിയു.ഇ. എന്നിവ. ആസ്ത്രേലിയയിലെ യുണൈറ്റഡ് വാട്ടർ എന്ന കമ്പനിയുമായി കൂട്ടുചേർന്നാണ് ഇവർ ഓക്ക്‌ലാൻഡ് പ്രദേശത്ത് കാലുറപ്പിച്ചത്. ഫ്രഞ്ച് മോഡൽ എന്നറിയപ്പെടുന്ന പൊതു-സ്വകാര്യ പങ്കാളിത്തരീതിയിൽ 'പാപ്പല്യൂര' ജില്ലാ കൗൺസിലിനെ സ്വാധീനിച്ച് ഇവർ ആദ്യത്തെ കുടിവെള്ള വിതരണ പദ്ധതി ഏറ്റെടുത്തു. ഇന്ന് ആഗോളതലത്തിൽ ഈ കമ്പനികൾ പൊതുവെ പാപ്പല്യൂര രീതിയാണ്

സ്വകാര്യവൽക്കരണത്തിന് സ്വീകരിക്കുന്നത്.

രാഷ്ട്രീയക്കാരും സാമ്പത്തിക വിദഗ്ദ്ധരുമൊന്നും പൊതുവുടമസ്ഥതയിൽ നിന്ന് പൊതു-സ്വകാര്യ പങ്കാളിത്തത്തിലേയ്ക്കുള്ള മാറ്റത്തെ സ്വകാര്യവൽക്കരണമായി കാണാറില്ല. ഇത് പൊതുവുടമസ്ഥത തന്നെയാണെന്ന് അവർ വാദിക്കും. കേരളത്തിലെ ഭരണാധികാരികളും പിന്തുടരുന്നത് ഈ രീതി തന്നെയാണ്. ജനങ്ങളുടെ പണം കൊടുത്തു വാങ്ങിയ പൈപ്പുകളിലൂടെ ഒഴുകിയെത്തുന്ന, പൊതുസ്വത്തായ പുഴകളിലെ വെള്ളത്തിന് ജനങ്ങൾ അയ്ടക്കുന്ന നികുതിപ്പണം ആഗോളകുത്തകകളുടെ പോക്കറ്റുകളിലേക്ക് ഒഴുകിയെത്തിക്കുന്നതിനുള്ള പദ്ധതി.

കുടിവെള്ള സ്വകാര്യവൽക്കരണത്തിനായി സംസ്ഥാന സർക്കാർ ഒരുങ്ങുന്ന ഈ വേളയിൽ നാം 'ബൊളീവിയൻ ഡയറി' വായിക്കണം. 1999-ൽ അമേരിക്കൻ സാമ്രാജ്യത്ത കമ്പനിയായ ബെക്റ്റൽ ബൊളീവിയയിലെത്തി. ബൊളീവിയൻ നഗരമായ കൊച്ചോബോയിലെ കുടിവെള്ള വിതരണത്തിന്റെ മൊത്തക്കച്ചവടം ഏറ്റെടുക്കുകയായിരുന്നു ലക്ഷ്യം. 40 വർഷത്തേക്കുള്ള ജലവിതരണത്തിന്റെ കുത്തകപ്പാട്ടമവർ സർക്കാരിനെ സ്വാധീനിച്ച് ഉറപ്പിച്ചു. തുടക്കത്തിൽ തന്നെ കുടിവെള്ളത്തിന്റെ വില മൂന്നിരട്ടിയായി വർദ്ധിച്ചു. കിണറുകളും ബോർവെല്ലുകളും താഴ്ത്തുന്നത് കമ്പനിയുടെ കർശനനിയന്ത്രണത്തിലായി. എന്തിന്, നദിയിൽ നിന്ന് വെള്ളം സംഭരിക്കുന്നതിനുപോലും കമ്പനിയുടെ അനുമതി വേണമെന്നായി (കേരളത്തിൽ വകുപ്പ് മന്ത്രി ടി.എം. ജേക്കബ്ബും ജനങ്ങൾ നദികളിൽ നിന്ന് വെള്ളമെടുക്കുന്നത് നിയന്ത്രിക്കുന്ന ഒരു നിയമനിർമ്മാണത്തിനൊരുങ്ങുന്നുണ്ട്). നട്ടംതിരിഞ്ഞ ജനങ്ങൾ മഴവെള്ളം ശേഖരിക്കാൻ തുടങ്ങി; പക്ഷേ, ബെക്റ്റലിന്റെ കരങ്ങൾ അങ്ങോട്ടും നീണ്ടു. വെള്ളത്തിന്റെ മുഖ്യസ്രോതസ്സാണ് മഴയെന്നും അതുകൊണ്ട് കമ്പനിയുടെ അനുമതി കൂടാതെ മഴവെള്ളം ശേഖരിക്കുന്നത് കമ്പനിയുടെ കുത്തകാവകാശങ്ങളുടെ നിഷേധവും അതുകൊണ്ടുതന്നെ നിയമവിരുദ്ധമാണെന്നുമുള്ള കോടതിവിധി സമ്പാദിച്ചു. സഹികെട്ട ജനങ്ങൾ കമ്പനിയെ തുരത്താൻ പ്രക്ഷോഭണം ആരംഭിച്ചു. സാമ്രാജ്യത്ത ദല്ലാൾ ഭരണാധികാരിയായ പ്രസിഡന്റ് ഹ്യൂഗോ ബൻസർ സമരം ചെയ്യുന്ന ജനങ്ങളെ വെടിവയ്ക്കാൻ പോലീസിന് ആജ്ഞ കൊടുത്തു. വെടിയേറ്റ് 6പേർ മരിച്ചുവീണു. 2കുട്ടികൾ അന്ധരായി, 175 പേർക്ക് പരിക്കേറ്റു. രോഷാകുലരായ ജനങ്ങൾ പട്ടാളനിയമം ലംഘിച്ച് കലാപത്തിനിറങ്ങി. അവസാനം ബെക്റ്റൽ രാക്ഷസന് നാടുവിട്ടോടേണ്ടിവന്നു. ഇന്നിപ്പോൾ അമേരിക്കയിലെ ഓഫീസിലിരുന്ന് 120 കോടി ഡോളറിന്റെ നഷ്ടപരിഹാരത്തുക ബൊളീവിയൻ സർക്കാരിൽ നിന്നും വാങ്ങേണ്ടതിന്റെ കണക്ക് തിരിച്ചും മറിച്ചുമിട്ട് കൂട്ടി നെടുവീർപ്പിടുകയാണ് ഈ സാമ്രാജ്യത്ത ഭീകരൻ.

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളത്തിലെ വിദ്യാഭ്യാസ, ആരോഗ്യ മേഖലകൾ ഏറെ വികസിതമായതു കൊണ്ട് ഈ മേഖലകളിലും അതോടൊപ്പം വൈദ്യുതി, കുടിവെള്ള വിതരണം, ഗതാഗതം, വിവരസാങ്കേതികവിദ്യ, വിനോദസഞ്ചാരം തുടങ്ങിയ മേഖലകളിലും സ്വകാര്യ മുതൽമുടക്ക് നടത്താനുള്ള സാദ്ധ്യതകൾ ഏറെയുണ്ട്. ഇക്കാര്യങ്ങൾ തിരിച്ചറിഞ്ഞിട്ടാണ് ടൂറിസരംഗത്ത് 80-ഉം ഐ.ടി.യിൽ 12-ഉം കുടിവെള്ള വിതരണത്തിൽ 20-ഉം ആരോഗ്യസംരക്ഷണരംഗത്ത് 10-ഉം ഗതാഗതമേഖലയിൽ 7-ഉം പദ്ധതികൾ ഏറ്റെടുക്കാൻ ഇപ്പോൾതന്നെ വിദേശ കുത്തകകൾ തയ്യാറായിട്ടുള്ളത്.

ഇവിടത്തെ പൊതുമരാമത്ത് വകുപ്പിനെ ഒന്നാകെ സ്വകാര്യവൽക്കരിച്ച് ബി.ഒ.ടി. അടിസ്ഥാനത്തിൽ പുന:സംഘടിപ്പിക്കുന്നതിനുള്ള നീക്കങ്ങൾ ഇപ്പോൾത്തന്നെ കുറേയേറെ പുരോഗമിച്ചുകഴിഞ്ഞു. ഇതിന്റെ ഏറ്റവും നല്ല ഒരു ദൃഷ്ടാന്തമായ കൊച്ചിയിലെ മട്ടാഞ്ചേരി പാലത്തിന്റെ കാര്യം എല്ലാവർക്കുംതന്നെ അറിവുള്ളതായതുകൊണ്ട് ഇവിടെ ആവർത്തിക്കുന്നില്ല. (പാലത്തിന്റെ നിർമ്മാതാക്കളായ ഗാമൺ ഇന്ത്യാ ലിമിറ്റഡിന്റെ കണക്കനുസരിച്ചുതന്നെ 30 കോടി രൂപ മുതൽമുടക്കുള്ള ഈ പാലത്തിൽനിന്ന് 20 വർഷംകൊണ്ട് കമ്പനി തിരിച്ചുപിടിക്കുന്നത് 900 കോടി രൂപയായിരിക്കും!)

ഇപ്പോൾത്തന്നെ ഏറെക്കുറെ തീരുമാനമായിക്കഴിഞ്ഞിട്ടുണ്ടെങ്കിലും ജനുവരിയിലെ മേളയിൽ ഔപചാരികരൂപം കൈക്കൊള്ളാനിരിക്കുന്ന തത്തുല്യമായ ഒരു പദ്ധതിയാണ് കാസർഗോട്ടുനിന്ന് തിരുവനന്തപുരത്തേയ്ക്കുള്ള എക്സ്പ്രസ് ഹൈവേ. 60 മീറ്റർ വീതിയും 524 കി.മീ. നീളവും വരുന്ന ഈ ആറുവരിപ്പാതയെക്കുറിച്ചുള്ള പഠന റിപ്പോർട്ട് 'ലീ അസോസിയേറ്റ്സ്' എന്ന കൺസൾട്ടൻസി സ്ഥാപനം സമർപ്പിച്ചത് സർക്കാർ അംഗീകരിച്ചുകഴിഞ്ഞു.

8,000 കോടിയുടേതാണ് പദ്ധതി. മന്ത്രിസഭയുടെ അനുമതിക്കുശേഷം ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ പദ്ധതി സമർപ്പിക്കും. ബി.ഒ.ടി. അടിസ്ഥാനത്തിലായിരിക്കും എക്സ്പ്രസ് ഹൈവേയുടെ നിർമ്മാണം. കാസർകോടു മുതൽ തിരുവനന്തപുരം വരെ 6 റീച്ചുകളായി തിരിച്ചാണ് പദ്ധതി നടപ്പാക്കുക. മൊത്തം 575 ഹെക്ടർ സ്ഥലമാണ് പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരിക. സ്ഥലം നഷ്ടപ്പെടുന്ന ഭൂവുടമകൾക്ക് ഭൂമിയുടെ വില ലഭിക്കില്ല; പകരം നഷ്ടപ്പെടുന്ന ഭൂമിക്ക് ആനുപാതികമായി എക്സ്പ്രസ്ഹൈവേ കമ്പനിയിൽ ഷെയർ ലഭിക്കും. നിങ്ങൾക്ക് താൽപ്പര്യമില്ലെങ്കിൽപ്പോലും ആഗോള കുത്തകകളുടെ ഒരു കൂട്ടുസംരംഭകനാകാൻ നിങ്ങൾ നിർബന്ധിതനാകുന്നുവെന്ന് സാരം. ഈ റോഡിലൂടെ മണിക്കൂറിൽ 80 കി. മീ. വേഗതയിൽ വാഹനങ്ങൾക്ക് സഞ്ചരിക്കാമത്രേ. ആറര മണിക്കൂർ കൊണ്ട് കാസർഗോടു നിന്ന് തിരുവനന്തപുരത്ത് എത്താമെന്നും പറയുന്നു. കാറുകൾക്ക് കിലോമീറ്ററിന് 80 പൈസയും മിനി ബസ്സുകൾക്ക് ഒരു രൂപയും ബസ്സുകൾക്കും ലോറികൾക്കുമൊക്കെ രണ്ട് രൂപയുമായിരിക്കുമത്രേ ടോൾ നിരക്ക്. അതായത്, ഈ ഹൈവേയിലൂടെ ഒരു ലോറി കാസർഗോടുനിന്ന് തിരുവനന്തപുരത്തെത്തുമ്പോൾ 1,048 രൂപ ടോൾ നൽകണം.

ടൂറിസം വികസനം കൂടി ലക്ഷ്യമാക്കിയിട്ടുള്ള ഈ ഹൈസ്പീഡ് മോട്ടോർവേ യാഥാർത്ഥ്യമായാൽ സംസ്ഥാനത്ത് ഇന്നനുഭവപ്പെടുന്ന ഗതാഗത പ്രശ്നങ്ങൾക്ക് പൂർണ്ണപരിഹാരമാവുമെന്നാണ് പൊതുമരാമത്ത് മന്ത്രി പറയുന്നത്.

കഴിഞ്ഞ നായനാർ സർക്കാരിന്റെ കാലത്താണ് ഈ രാക്ഷസീയ പാതയ്ക്കുവേണ്ടിയുള്ള പ്രവർത്തനം തുടങ്ങിയത്. 2000 മാർച്ചിൽ കണ്ണൂർ ജില്ലയിലുള്ള പാച്ചപൊയ്ക മുതൽ കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം വരെയുള്ള ഭാഗത്തെ റോഡിന്റെ ട്രോപ്പിക്കൽ സർവേ പാച്ചപൊയ്ക മുതൽ മൊകേരി വരെ നടത്തിക്കൊണ്ടാണ് ഇടതുമുന്നണി സർക്കാർ എക്സ്പ്രസ് ഹൈവേയ്ക്ക് തുടക്കമിട്ടത്. ഡൽഹിയിലുള്ള എച്ച്.എസ്.എസ്. എന്ന കുത്തക കമ്പനിയുടെ ഉദ്യോഗസ്ഥന്മാർ ട്രോപ്പിക്കൽ സർവ്വേയുമായി മുന്നേറുമ്പോൾ മൊകേരിയിലുള്ള സി.പി.എം. പ്രവർത്തകർ ഉദ്യോഗസ്ഥന്മാരെ തടയുകയും അവർക്ക് പിന്തിരിയേണ്ടിവരികയും ചെയ്തു. പക്ഷേ, റൈറ്റ്സ് എന്ന

സ്ഥാപനത്തെക്കൊണ്ട് ആകാശസർവ്വെ നടത്തിച്ച് എക്സ്പ്രസ് ഹൈവേയുടെ പ്രവർത്തനങ്ങൾ 'ഇടതു'സർക്കാർ അണിയറയിൽ തുടർന്നു. സർവേയുടെ പേരിൽ റോഡ്സ് ആൻഡ് ബ്രിഡ്ജസ് ചീഫ് എഞ്ചിനീയറുടെ പക്കൽനിന്നുള്ള 68ലക്ഷം രൂപയുടെ ചെക്ക് ആ വർഷംതന്നെ കോഴിക്കോട് ട്രഷറിയിൽനിന്ന് മാറിക്കൊടുത്തിട്ടുണ്ട്.

ഒരു കി.മീ. സ്ഥലം റോഡിനുവേണ്ടി നിരപ്പാക്കുമ്പോൾ ശരാശരി 16 വീടുകളെങ്കിലും നീക്കംചെയ്യേണ്ടിവരുമെന്ന് എം.കെ.മുനീർതന്നെ പറഞ്ഞിട്ടുണ്ട്. 6,700-ഓളം കുടുംബങ്ങളെ ഭവനരഹിതരാക്കുന്ന ഇവരുടെ ജനക്ഷേമതാല്പര്യം അപാരംതന്നെ!

രണ്ടുമൂന്നു ലക്ഷ്യങ്ങളെങ്കിലും എക്സ്പ്രസ് ഹൈവേയ്ക്കുവേണ്ടിയുള്ള സാമ്രാജ്യത്തെ ഗൂഢാലോചനയ്ക്കു പിന്നിലുണ്ട്. ഒന്നാമത്തേത് വോൾവോ പോലുള്ള ബഹുരാഷ്ട്ര വാഹന കുത്തകകളുടെ വാഹനങ്ങൾ വിറ്റഴിക്കപ്പെടുക എന്നുള്ള ലക്ഷ്യമാണ്. ഭരണകൂടം പറയുന്ന വേഗതയായ ആറര മണിക്കൂർ കൊണ്ട് കാസർഗോഡു മുതൽ തിരുവനന്തപുരംവരെ എത്താൻ നിലവിൽ ഇവിടെയുള്ള വാഹനങ്ങൾക്ക് കഴിയുകയില്ല. അതുകൊണ്ടുതന്നെ എക്സ്പ്രസ് ഹൈവേയ്ക്കുവേണ്ടി വേഗതയേറിയ വാഹനങ്ങൾക്ക് ബഹുരാഷ്ട്ര വാഹന കുത്തകകളെ ആശ്രയിക്കേണ്ടിവരും. രണ്ടാമത്, സാമ്രാജ്യത്ത ഉൽപ്പന്നങ്ങളുടെ വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നത്. പിന്നീട് നമ്മുടെ നാടിന്റെ 50-ഓളം ചതുരശ്ര കിലോമീറ്റർ ഭൂമി നേരിട്ടുള്ള അധീനതയിലാക്കുന്നതിന്റെ മറവിൽ നമ്മുടെ രാജ്യത്തെ രാഷ്ട്രീയ-സാമ്പത്തിക മേഖലയിൽ നേരിട്ടുള്ള കൊളോണിയൽ കൈകടത്തലിന്റെ ലക്ഷ്യം.

ജമ്മു മുതൽ കന്യാകുമാരി വരെയുള്ള നാഷണൽ ഹൈവേ വികസിപ്പിച്ച് ആറുവരി പാതയാക്കാനുള്ള മറ്റൊരു നീക്കവും കേന്ദ്രസർക്കാർ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. 10 വർഷം കൊണ്ട് നിലവിലുള്ള നാഷണൽ ഹൈവേ വികസിപ്പിച്ച് 7,000 കി.മീ. നീളത്തിൽ ആറുവരി പാതയാക്കാനുള്ള ഈ നീക്കത്തിന്റെ ഉദ്ഘാടനം 1998 ഡിസംബർ 30-ന് വാജ്പേയി നിർവഹിച്ചു. കേന്ദ്രസർക്കാരിന്റെ ദേശീയ എക്സ്പ്രസ്സ് ഹൈവേയും സംസ്ഥാന സർക്കാരിന്റെ അതിവേഗ എക്സ്പ്രസ് ഹൈവേയും കൂടി ഒരുമിച്ച് ഇവിടെ നടപ്പാക്കപ്പെട്ടാൽ കേരളം ഒരു ശവപ്പറമ്പായി മാറുമെന്ന കാര്യത്തിൽ തർക്കമില്ല.

എക്സ്പ്രസ് ഹൈവേയ്ക്കുവേണ്ടിയുള്ള സംസ്ഥാന സർക്കാരിന്റെ മുഖ്യ ന്യായീകരണം ചുരുങ്ങിയ സമയം, അതായത് ആറര മണിക്കൂർ കൊണ്ട് കേരളത്തിന്റെ വടക്കേയറ്റത്തുനിന്ന് തെക്കേയറ്റത്ത് എത്താമെന്നാണ്. എന്നാൽ, ഏതാനും വർഷങ്ങൾ കൊണ്ടുതന്നെ റെയിൽപ്പാത ഇരട്ടിപ്പിക്കൽ പൂർത്തിയാകുമ്പോൾ ആറര മണിക്കൂർ കൊണ്ട് കാസർഗോട് നിന്ന് തിരവനന്തപുരത്തേയ്ക്ക് ഒരു സൂപ്പർഫാസ്റ്റ് ട്രെയിന് എത്താൻ കഴിയും. പിന്നെ സംസ്ഥാന സർക്കാർ പറയുന്ന രണ്ടാമത്തെ വാദവും തെറ്റാണ്. ഇനി വരുന്ന 10 വർഷം കൊണ്ട് വാഹനങ്ങൾ 10 ഇരട്ടിയായി വർദ്ധിക്കുമെന്നാണ് സംസ്ഥാന ഭരണാധികാരികൾ പറയുന്നത്. സാമ്രാജ്യത്ത പ്രതിസന്ധിയുടെ ഈ കാലഘട്ടത്തിൽ 10 വർഷം കൊണ്ട് ഒരിരട്ടിപോലും വാഹനനിർമ്മാണം വർദ്ധിക്കുകയില്ല എന്ന് ഏതൊരാൾക്കും മനസ്സിലാവും. ലോകചരിത്രത്തിൽ ഏറ്റവും കൂടുതൽ വാഹനനിർമ്മാണം നടന്ന കാലഘട്ടമാണ് 1990-'95. ഈ കാലഘട്ടത്തിലെ കണക്കുകൾ നമ്മോടുപറയുന്നത്, '90-ലെ വാഹന നിർമ്മാണങ്ങളുടെ എണ്ണം '99-ൽ പോലും ഇരട്ടിയായിട്ടില്ല എന്നാണ്. 1990-ൽ 5,81,054 മോട്ടോർ വാഹനങ്ങൾ നിർമ്മിച്ചിട്ടുണ്ടെങ്കിൽ 1995-ൽ അത് 10,05,922 മാത്രമേ ആയിട്ടുള്ളൂ. ചരക്കുവാഹനങ്ങൾ 1990-ൽ 61,106

എണ്ണം നിർമ്മിച്ചിട്ടുണ്ടെങ്കിൽ '95-ൽ അത് 1,00,252 മാത്രമേ ആയിട്ടുള്ളൂ.

പരിസ്ഥിതി പ്രശ്നമാണ് മറ്റൊരപകടം - ഏകദേശം 50-ഉം ചതുരശ്ര കി.മീ. സ്ഥലത്തുള്ള മരങ്ങൾ വെട്ടിനശിപ്പിക്കുകയും അതിന്റെ സ്ഥാനത്ത് റോഡിനുവേണ്ടി 40-ഉം ചതുരശ്ര കി.മീ. സ്ഥലം കോൺക്രീറ്റ് ചെയ്യുകയും ചെയ്യുന്നതിന്റെ ഭാഗമായുള്ള താപവർദ്ധന ചുറ്റുപാടും ഒരു ജീവിതനരകംതന്നെ സൃഷ്ടിക്കും. ജലനിരപ്പ് താഴ്ന്ന് കിണറുകളിൽ വെള്ളം വറ്റും. പിന്നെ, മറ്റൊരു പ്രശ്നം ഗ്രാമങ്ങളുടെ നഡികളായ പല ചെറിയ റോഡുകളും എക്സ്പ്രസ് ഹൈവേയുടെ മുമ്പിൽ മുട്ടിപ്പോകുമെന്നതാണ്. പ്രധാനപ്പെട്ട കവലകളിൽ മാത്രമേ ഓവർബ്രിഡ്ജുകൾ ഉണ്ടാവുകയുള്ളൂ.

ആഗോള മുതൽമുടക്കുമേളയിലൂടെ ആയിരക്കണക്കിനുകോടി രൂപയുടെ വിദേശ നിക്ഷേപം കേരളത്തിൽ ഐ.ടി. മേഖലയിലേക്ക് എത്തുമെന്നാണ് കുഞ്ഞാലിക്കുട്ടിയുടെ സ്വപ്നം. അമേരിക്കയിലെ ഐ.ടി. കേന്ദ്രമായ സിലിക്കൺ വാലിയുടെ പതനം വളരെ ദയനീയമായിരുന്നു. ഇന്ത്യയിൽ ഹൈദരാബാദ് ഹൈടെക്വൽക്കരണത്തിലൂടെ 'സൈബരാബാദ്' ആയി മാറിയപ്പോൾ ആന്ധ്രാപ്രദേശ് കർഷക ആത്മഹത്യകളുടെ കാര്യത്തിൽ ഇന്ത്യയിൽ ഒന്നാംസ്ഥാനം നേടി. ഇപ്പോൾ കൊച്ചിയിലും കോഴിക്കോടും പുതിയ 'ടെക്നോപാർക്കുകൾ' ആരംഭിക്കാനും കൊച്ചിയെ ഹൈദരാബാദ് മാതൃകയിൽ 'സൈബർസിറ്റി'യാക്കാനുമൊക്കെ അധികൃതർ പാടുപെടുമ്പോൾ തിരുവനന്തപുരത്ത് ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ടെക്നോപാർക്കിന്റെ അവസ്ഥ എന്തെന്ന് പരിശോധിക്കുന്നത് നന്നായിരിക്കും.

ഭൂമി, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്ക് വളരെ കുറഞ്ഞ നിരക്ക് അനുവദിച്ചാണ് ഐ.ടി. സംരംഭകരെ ക്ഷണിച്ചുവരുത്തിയിരിക്കുന്നത്. തൊഴിൽശക്തിയെ വളരെ കുറഞ്ഞ വേതനത്തിന് വലവീശിപ്പിടിക്കുകയും ചെയ്തു. ഐ.ടി. മേഖലയ്ക്ക് ഒരു തൊഴിൽനിയമവും ബാധകമല്ലത്രെ. 8 മണിക്കൂർ ജോലിയെന്ന പ്രാഥമിക അവകാശംപോലും റദ്ദുചെയ്യപ്പെട്ടിരിക്കുന്നു. 1930-കൾക്ക് മുമ്പ് ആലപ്പുഴയിലെ കയർ ഫാക്ടറി തൊഴിലാളികൾ അനുഭവിച്ചിരുന്ന അവകാശങ്ങൾക്ക് സമാനമായ അവകാശങ്ങൾ മാത്രമേ ഈ കേന്ദ്രത്തിലുള്ളൂ. യൂണിയനുകളില്ലാതെ എല്ലാത്തരം പീഡനങ്ങളും ഏറ്റുവാങ്ങി പെൺകുട്ടികളടക്കമുള്ളവർ നാവടക്കി പണിയെടുക്കുന്നു. ചെറുപ്പക്കാർ വേതനം കുറവായിട്ടുപോലും സാങ്കല്പികമാന്യതയുടെ പേരിൽ വിവാഹ കമ്പോളത്തിൽ കണ്ണുംനട്ട് അവിടെ പണിയെടുക്കുന്നു.

കുഞ്ഞാലിക്കുട്ടി തന്റെ യജമാനന്മാരെ അങ്ങേയറ്റം സേവിക്കുന്നുണ്ട്. സ്വീഡിഷ് മുതലാളിമാരുടെ ഉടമസ്ഥതയിലുള്ള 'ടെറോയ്ഡ്' കമ്പനിക്ക് സംസ്ഥാന വ്യവസായ വകുപ്പിന്റെ മികച്ച കമ്പനിക്കുള്ള അവാർഡ് നൽകിയിരിക്കുന്നു. മികച്ച ചൂഷണത്തിലൂടെ ഏറ്റവും കൂടുതൽ വിറ്റുവരവുണ്ടാക്കിയ കമ്പനിയായിരുന്നു ഇത്. ടെക്നോപാർക്കിൽ പരമ ദയനീയമായ വേതനവ്യവസ്ഥ നിലവിലുള്ള കമ്പനിയും ഇതാണ്. 450 തൊഴിലാളികളാണ് ഇവിടെയുള്ളത്. അതിൽ വലിയൊരു ഭാഗത്തിനും 1,400 രൂപ മാത്രമേ മാസവരുമാനമുള്ളൂ. ഇതുതന്നെ ശമ്പളമായിട്ടല്ല, അലവൻസായിട്ടാണ് നൽകുന്നത്. അതുകൊണ്ട് കൃത്യമായി കൊടുക്കണമെന്നില്ല. ഇപ്പോൾ ഗതിമുട്ടിയ തൊഴിലാളികൾ പ്രക്ഷോഭപാതയിലേക്കിറങ്ങാൻ തുടങ്ങിയതിനെ തുടർന്ന് കമ്പനി ശ്രീലങ്കയിലേക്ക് കടത്തുമെന്ന് മാനേജുമെന്റ് ഭീഷണി പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നു.

ഇതോടൊപ്പം സൺടെക്സ് ബിസിനസ് സൊല്യൂഷൻസ് എന്ന കമ്പനി അടച്ചു

പൂകയാണ്. മൊത്തമുള്ള 300 തൊഴിലാളികളിൽ 268 പേരെയും പിരിച്ചുവിടാൻ തീരുമാനിച്ചു. യൂറോപ്യൻ രാജ്യങ്ങളെ ആശ്രയിച്ചു നിലനിൽക്കുന്ന ഈ കമ്പനിക്ക് പ്രോജക്ടുകൾ ലഭിക്കുന്നില്ല. താൻ തൊഴിലെടുക്കുന്ന കമ്പനിയിൽ തൊഴിൽ പ്രതിസന്ധിയുണ്ടെന്ന കാര്യം ഒരു തൊഴിലാളി തിരിച്ചറിയുന്നത് പിരിച്ചുവിടൽ നോട്ടീസ് ലഭിക്കുമ്പോൾ മാത്രമാണ്; അല്ലെങ്കിൽ കൂലി മുടങ്ങാൻ തുടങ്ങുമ്പോൾ.

വേതനയിനത്തിൽ പാശ്ചാത്യ രാജ്യങ്ങളിലെ മാതൃസ്ഥാപനങ്ങൾ ഇങ്ങോട്ടു അയച്ചുകൊടുക്കുന്ന പണത്തിന്റെ നാലിലൊന്ന് മാത്രമാണ് ഇവിടുത്തെ മാനേജ്മെന്റ് തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നത്. രാവിലെ 7 മണിക്ക് ജോലിക്ക് കയറിയിട്ട് രാത്രി 8 മണിവരെ കഠിനാദ്ധ്വാനം ചെയ്തശേഷം വാഹനങ്ങളിൽ അവർ താമസിക്കുന്ന ഇടങ്ങളിൽ എത്തിക്കും. സമയനിഷ്ഠ പാലിക്കുന്നതിൽ എല്ലാ കമ്പനികളും പ്രത്യേകം ശ്രദ്ധിക്കുന്നു. ഞായർ ഉൾപ്പെടെയുള്ള ദിവസങ്ങളിലും പണിയുണ്ടാകും. ഓണത്തിന് അവധി ഒരു ദിവസം മാത്രമാണ്. ആർക്കെങ്കിലും ഒരു കമ്പനിയിലെ പണി ഉപേക്ഷിക്കേണ്ടിവന്നാൽ പിന്നെ അയാൾക്ക് മറ്റൊരു കമ്പനിയിലും പ്രവേശിക്കാനാവില്ല. അങ്ങനെ തൊഴിൽ നഷ്ടപ്പെട്ട് പണിയില്ലാതെ അലയുന്നവരുടെ അനുഭവം കണ്ടവരാരും പിന്നെ മാനേജ്മെന്റിനെതിരെ ശബ്ദമുയർത്തില്ല.

തിരുവനന്തപുരത്തെ ടെക്നോപാർക്കിൽ ഗായത്രി, ഭവാനി തുടങ്ങിയ കൂറ്റൻ കെട്ടിടങ്ങൾ മിക്കവാറും കമ്പനിക്കാരെ കിട്ടാതെ വെറുതെ കിടക്കുകയാണ്. മാത്രമല്ല, ഇപ്പോൾ നിലവിലുള്ള കമ്പനികൾ തന്നെ പലതും എപ്പോൾ വേണമെങ്കിലും പൂട്ടാം. ഈ സാഹചര്യത്തിൽ കൊച്ചിയിലും കോഴിക്കോട്ടും കൂടി ടെക്നോപാർക്കുകൾ സ്ഥാപിക്കുന്നതുകൊണ്ട് എന്താണ് പ്രയോജനം?

ഗ്ലോബൽ മീറ്റിലെ വളരെ സുപ്രധാനമായ ഒരിനമായ 'ടൂറസം വ്യവസായ' വികസനത്തിന്റെ പ്രത്യാഘാതങ്ങൾ ഇന്ന് സമൂഹത്തി വ്യാപകമായിത്തന്നെ ചർച്ചചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു വിഷയമായതുകൊണ്ട് വിശദമായൊരു ചർച്ചയ്ക്ക് ഇവിടെ മുതിരുന്നില്ല. അത് സൃഷ്ടിക്കുന്ന സാമൂഹ്യ-സാംസ്കാരിക ജീർണ്ണതകളും അധഃപതനവും കാണാൻ സന്മനസുള്ള ആർക്കും കാണാവുന്ന വിധത്തിൽ തുറന്നു കാണിക്കുന്ന അനേകം ദൃഷ്ടാന്തങ്ങൾ നമ്മുടെ മുമ്പാകെയുണ്ട്. ടൂറിസം 'വ്യവസായ'ത്തിന് നൽകിയ അമിത പ്രോൽസാഹനത്തിലൂടെ എല്ലാവിധ ഉൽപ്പാദനമേഖലകളും സ്തംഭിച്ച് എയ്ഡ്സ് രോഗികളുടെ കാര്യത്തിൽ ലോക റിക്കാർഡ് സൃഷ്ടിച്ച് ഒരു മൃതസമൂഹമായി മാറിക്കൊണ്ടിരിക്കുന്ന തായ്ലണ്ടിന്റെ അനുഭവം നമ്മുടെ മുമ്പാകെയുണ്ട്. കേരളത്തിലെതന്നെ കോവളവും കുമരകവുമെല്ലാം ഇക്കാര്യങ്ങളിലെല്ലാം തായ്ലണ്ടിനോട് മത്സരിച്ചുകൊണ്ടിരിക്കുന്നതും നാം കാണുന്നുണ്ട്. ഇപ്പോൾ കേരളത്തിൽ പെരുകിക്കൊണ്ടിരിക്കുന്ന പെൺവാണിഭ-നീലച്ചിത്ര റാക്കറ്റുകളും നനഞ്ഞാട്ടംപോലുള്ള സർക്കാർ സ്പോൺസേർഡ് നഗ്നതാ പ്രദർശനങ്ങളും വ്യാപകമാകുന്ന മസ്സാജ് പാർലർ സംസ്കാരവുമെല്ലാം ഭരണകൂടത്തിന്റെ ഈ സെക്സ് ടൂറിസ പ്രോൽസാഹന പദ്ധതികളുടെ മുന്നൊരുക്കങ്ങളായി വേണം കാണാൻ.

ഏതൊരു മൂലധന നിക്ഷേപത്തിന്റെയും വികസനക്ഷമത പരിശോധിക്കേണ്ടത് ദേശീയ സമ്പദ്ഘടനയുടെ അടിത്തറയായ കാർഷിക മേഖലയിൽ അത് എന്തുതരം സ്വാധീനമാണുളവാക്കുകയെന്നതിന്റെ അടിസ്ഥാനത്തിലാണ്. ചരിത്രപരമായി പരിശോധിച്ചാൽ 15-ാം നൂറ്റാണ്ടിന്റെ ഒടുവിലാരംഭിച്ച യൂറോപ്യൻ അധിനിവേശത്തിന്റെ തു

ടക്കം മുതൽതന്നെ വിദേശമൂലധന താൽപര്യങ്ങൾ കേരളത്തിന്റെ കാർഷികഘടന യിൽ അങ്ങേയറ്റം പ്രതികൂലമായ ഫലങ്ങളാണുളവാക്കിയതെന്നു കാണാം. കേരളത്തി ലെ കൃഷിയുടെ നാണ്യവിളവൽക്കരണത്തെ അത് ഉത്തേജിപ്പിച്ചു. ഭക്ഷ്യസ്വയംപര്യാ പ്തതയോടൊപ്പം ഇവിടത്തെ പാരിസ്ഥിതിക സന്തുലനത്തെയും അത് അട്ടിമറിച്ചു; സ്വാഭാവികമായും നാടിന്റെ മൊത്തം സമ്പദ്ഘടനയേയും അത് പരാശ്രിത സ്വഭാവമു ള്ളതാക്കി തീർക്കുകയും രാഷ്ട്രീയ സ്വാതന്ത്ര്യത്തെ അടിയറവയ്ക്കുകയും ചെയ്തു.

വിദേശ മൂലധനത്തിന്റെ ഈ ധർമ്മങ്ങൾ ഇന്നും മാറ്റമില്ലാതെ തുടരുന്നതായാണ് നാം കാണുന്നത്. സാമ്രാജ്യത്ത വ്യാവസായിക, ഉപഭോഗതാല്പര്യങ്ങളുടെ പുതിയ ആവ ശ്യകതകൾക്കനുസരിച്ച് കേരളത്തിന്റെയും ഇന്ത്യയിലെയും കാർഷിക മേഖലയിൽ അത് പുതിയ പൊളിച്ചെഴുത്തുകളാരംഭിച്ചിരിക്കുന്നു. സാമ്രാജ്യത്ത അഗ്രോ-ബിസിനസ് താൽ പര്യങ്ങൾക്കനുസരിച്ചുതന്നെ രൂപപ്പെട്ടുവന്ന കേരളത്തിലെ നാണ്യവിള മേഖലയാകെ ഇന്ന് വൻ പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നത് ഇതിന്റെ ഉത്തമ ഉദാഹരമാണ്.

നമ്മുടെ നാണ്യവിളകളിൽ അവർക്കിന്ന് പഴയതുപോലെ താല്പര്യമില്ലെന്നായി രിക്കുന്നു. എന്നാൽ, പരമ്പരാഗത നാണ്യവിള മേഖലയുടെ ഈ തകർച്ച ഭക്ഷ്യവിളക ളിലേക്ക് തിരിച്ചുപോകുന്നതിന്റെ ഗുണകരമായ പ്രചോദനം സൃഷ്ടിക്കുന്നതിനുപകരം പൂക്കൃഷി പോലെയുള്ള പുത്തൻ കാർഷികാഭാസങ്ങളിലേകകും റിയൽ എസ്റ്റേറ്റുവൽ ക്കരണത്തിലേക്കും മറ്റും തിരിയാനാണ് സാമ്രാജ്യത്ത മേലാളന്മാർ അവരുടെ ദല്ലാൾ ഭരണവർഗങ്ങളിലൂടെ നമ്മോടു കൽപ്പിച്ചുകൊണ്ടിരിക്കുന്നത്.

കേരളത്തെ അതാക്കി നിലനിർത്തുന്ന ഇവിടത്തെ ഭൂപ്രകൃതിയേയും പാരിസ്ഥി തിക വ്യവസ്ഥയെയുമെല്ലാം മാറ്റിമറിക്കുന്നതിൽ വിദേശ മൂലധനത്തിന് ഗണ്യമായ പ ങ്കുണ്ട്. പാലക്കാട് പ്ലാച്ചിമടയിലെ കൊക്കോകോള ബോട്ടിലിംഗ് പ്ലാന്റ് പരിസരപ്രദേ ശങ്ങളിൽ കടുത്ത ജലക്ഷാമം സൃഷ്ടിക്കുന്നതും മണ്ണിനെ മലിനീകരിക്കുന്നതും, ജ പ്പാൻകാരുടെ തീറ്റക്കോൽ നിർമ്മാണത്തിനായി ശേഷിക്കുന്ന പശ്ചിമഘട്ടവനങ്ങളെ യും വെട്ടിവെളുപ്പിച്ചുകൊണ്ടിരിക്കുന്നതുമെല്ലാം ഇതിന് ഉത്തമോദാഹരണങ്ങളാണ്.

ചുവപ്പുപരവതാനി വിരിച്ച് ആഗോള മൂലധനത്തെ വരവേൽക്കാൻ ഒരുങ്ങി നിൽക്കുന്ന സംസ്ഥാന സർക്കാർ ജനുവരിയിലെ മേളയ്ക്കു മുമ്പായി തന്നെ നാടിനെ ഒരു 'നിക്ഷേപസൗഹൃദ സംസ്ഥാന'മാക്കണമെന്ന ദൃഢനിശ്ചയത്തിലാണ്. അതിനുള്ള മുഖ്യ പ്രതിബന്ധമായി അവർ കണ്ടെത്തിയിരിക്കുന്നതാകട്ടെ ഇവിടുത്തെ തൊഴിലാളി കളും ബ്രിട്ടീഷ് ഭരണകാലം തൊട്ടുതന്നെ അവർ അനുഭവിച്ചുവന്നിരുന്ന ചില തൊഴില വകാശങ്ങളും. 'തൊഴിൽ മേഖലയിലെ ചൂഷണവും ബലപ്രയോഗവും അവസാനിപ്പി ക്കുന്നതിനുള്ള ബിൽ' കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിച്ച് അംഗീക രിപ്പിച്ചുകൊണ്ട് 'വിപ്ലവ സോഷ്യലിസ്റ്റു'കാരനായ തൊഴിൽ മന്ത്രി ബാബു ദിവാകരൻ ഈ തടസം നീക്കിക്കൊടുത്തിട്ടുമുണ്ട്. ട്രേഡ് യൂണിയൻ രൂപീകരണങ്ങൾ അസാധ്യമാ ക്കിത്തീർക്കുന്നതും തൊഴിൽ തർക്കങ്ങളിൽ പോലീസുകാർ തീർപ്പുകൽപ്പിക്കുന്നതും തൊഴിലുടമകൾക്ക് യഥേഷ്ടം പണിക്കാരെ പിരിച്ചുവിടുകയും നിയമിക്കുകയുമൊക്കെ ചെയ്യാനനുവദിക്കുന്നതുമായ നിയമനിർമ്മാണവുമായാണ് അധികാരികൾ മൂലധന തമ്പ്രാ ക്കളെ എതിരേൽക്കാനൊരുങ്ങുന്നത്. ബ്രിട്ടീഷ് ഭരണകാലത്ത് നിയമവിരുദ്ധമാക്കപ്പെട്ടി രുന്ന കരാർപണി സുപ്രീം കോടതിയുടെ ദയകൊണ്ട് വീണ്ടും നിയമവിധേയമായി തീർ ന്നിട്ടുമുണ്ട്. ഇവരെല്ലാം ആഗ്രഹിക്കുന്നതുപോലെ കാര്യങ്ങൾ നീങ്ങിയാൽ ഇനി ഇവി

ടത്തെ തൊഴിൽ മേഖലയിൽ ശേഷിക്കുന്നത് തൊഴിലാളികളാവില്ല, ഒരുപറ്റം അടിമപ്പണിക്കാരായിരിക്കും. മൊത്തം സമൂഹത്തിലും ഒരു അടിമബോധത്തിന്റെ സൃഷ്ടിക്ക് ഇത് കാരണമായിത്തീരും. നിശ്ചയമായും ഭരണാധികാരികൾ ആഗ്രഹിക്കുന്നതും അതു തന്നെയാണ്.

ആശുപത്രികളും, വിദ്യാഭ്യാസ മേഖലയും, ജലവിതരണവും കൂടി സ്വകാര്യവൽക്കരിക്കപ്പെടുമ്പോൾ സാമാന്യജനത്തിന് ഇതുവരെ ലഭിച്ചുകൊണ്ടിരുന്ന പൊതുസേവനങ്ങളൊന്നുംതന്നെ തുടർന്നു ലഭ്യമല്ലാതാവുന്നു. നികുതിപിരിവുകാരനായ സർക്കരിന് ഇത്തരം ക്ഷേമപ്രവർത്തനങ്ങളിലൊന്നും ഉത്തരവാദിത്തമില്ലാതെയുമാകുന്നു. ജനങ്ങളുടെ ഏക ആശ്രയം വിദേശ കുത്തകകളുടെ ദയാവായ്പ് മാത്രമായിത്തീരുന്ന അവസ്ഥ. ജനങ്ങളുടെ മേലുള്ള ഇവരുടെ കടന്നാക്രമണങ്ങൾക്കെതിരെ ഉയർന്നുവരാനിടയുള്ള ചെറുത്തുനിൽപ്പുകളെ അമർച്ച ചെയ്യുന്നതിനുള്ള ഭീകര നിയമങ്ങൾ അധികാരികൾ മുൻകൂട്ടി തയ്യാറാക്കിയിട്ടുമുണ്ടല്ലോ. സ്വകാര്യവൽക്കരണത്തിന്റെയും പുത്തൻ തൊഴിൽനിയമങ്ങളുടെയും മറവിൽ തൊഴിലിൽ നിന്ന് പറിച്ചെറിയപ്പെടാൻ പോകുന്നവർ കൂടി ചേർന്ന് തൊഴിൽരഹിതരുടെ നിരകളിലുണ്ടാക്കുന്ന വർദ്ധനവ് സൃഷ്ടിക്കാൻ പോകുന്ന സാമൂഹ്യസംഘർഷങ്ങളെ നേരിടുന്നതിനും ഇവർക്ക് ഇത്തരം കരിനിയമങ്ങൾ ആവശ്യമാണ്.

ഇന്ത്യയുൾപ്പെടെയുള്ള ചില രാജ്യങ്ങളിൽ നിലനിൽക്കുന്ന താരതമ്യേന ശക്തമായ നീതിന്യായ വ്യവസ്ഥയെ തകർക്കാതെ ആഗോളവത്ക്കരണത്തിന് മുന്നോട്ടുപോകാൻ സാധിക്കില്ലെന്ന തിരിച്ചറിവാണ് 1997-ൽ ഹേഗിൽ നിയമജ്ഞരുടെ ഒരു യോഗം വിളിച്ചുകൂട്ടാൻ ഡബ്ള്യു.ടി.ഒ.യെ നിർബ്ബന്ധിച്ചത്. ഭോപ്പാൽ കൂട്ടക്കൊലയാളി വാറൻ ആൻഡേഴ്സണും എൻറോണിന്റെ തട്ടിപ്പുകൾക്കുമെതിരെ ചില ഇന്ത്യൻ കോടതികൾ ദുർബലമെങ്കിലുമായ ചില നിയമ നപടികൾക്ക് തുടക്കമിട്ടത് ഇവരെ ഏറെ അലോസരപ്പെടുത്തിയിരുന്നു. അങ്ങനെ തൊഴിലവകാശ നിക്ഷേധങ്ങൾക്കും മറ്റുമെതിരായുള്ള 'വികസനം മുടക്കി'കളായ പൊതുതാൽപ്പര്യ ഹർജികളെ നിയന്ത്രിക്കാൻ തീരുമാനമായി.

നീതിന്യായവ്യവസ്ഥയെ കൂടുതൽ പരുവപ്പെടുത്തുന്നതിൻെറ ഭാഗമായി ലീഗൽ സർവ്വീസ് സൊസൈറ്റി, പേർമനെന്റ് ലോക് അദാലത്ത്, ക്രിമിനൽ, സിവിൽ നിയമ നടപടികളിലെ ഭേദഗതികൾ തുടങ്ങിയവ നടപ്പാകുന്നതോടെ നിലവിലുള്ള നിയമവ്യസ്ഥ കൂടുതൽ ദുർബലമാവുകയും സമ്രാജ്യത്ത ധനകാര്യ സ്ഥാപനങ്ങളുടെ പാർശ്വവർത്തികളെ പ്രതിനിധാനം ചെയ്യുന്ന ഒരു നിഴൽ നിയമവ്യവസഥയ്ക്ക് രൂപംകൊടുക്കാൻ അണിയറയിൽ നീക്കങ്ങൾ നടന്നുകൊണ്ടുമിരിക്കുന്നു.

**ഏജന്റൻമാരുടെ രാജ്യദ്രോഹം:** എ.ഡി.ബി.യുടെ കടന്നുവരവ് 'സന്നദ്ധ സംഘടനകളു'ടെ കൊയ്ത്തുകാലമാണ്. വിദേശ നിയന്ത്രണത്തിൽ അഭിമാനിക്കുന്ന അക്കാദമിക പണ്ഡിതന്മാരുടെ ഒരു വലിയ നിര ഇവിടെ രൂപപ്പെട്ടിട്ടുണ്ട്. മൂന്നാംലോക രാജ്യങ്ങളിലെ എൻ.ജി.ഒ.കൾക്കായി പ്രതിവർഷം എത്തിക്കൊണ്ടിരിക്കുന്നത് 10ബില്യൺ ഡോളറാണ്. അത് ഇനിയും കൂടാനാണ് സാധ്യത. ആഗോളവൽക്കരണത്തിന് പൊതുജനസ്വീകാര്യത സൃഷ്ടിക്കുന്ന ഇക്കൂട്ടർക്ക് വൻ ബിസ്സിനസ് എക്സിക്യൂട്ടീവുകളുടേതിന് തുല്യമായ പ്രതിഫലം കിട്ടുന്നുണ്ട്. നമ്മുടെ ദാരിദ്ര്യം വിറ്റും ഇവർ പണമുണ്ടാക്കു

ന്നുണ്ട്. ജനകീയ പ്രതിരോധങ്ങളെ തടയലും ഇവരുടെ കടമയാണ്. '70-കളിൽ ഇന്തോനേഷ്യ, തായ്‌ലാൻഡ്, പെറു തുടങ്ങിയയിടങ്ങളിലും '80-കളിൽ നിക്കാരാഗ്വ, ചിലി, ഫിലിപ്പൈൻസ് എന്നിവിടങ്ങളിലും '90-കളിൽ ഗ്വാട്ടിമാലയിലും മറ്റുമുണ്ടായ ജനകീയ മുന്നേറ്റങ്ങൾക്ക് തടയിടുന്നതിൽ നിർണായക പങ്കുവഹിച്ചത് ഇവയാണ്. മാദ്ധ്യമങ്ങളുടെ പരിലാളനയും ഇവർക്ക് വേണ്ടുവോളം ലഭിക്കുന്നുണ്ട്. കേരളത്തിൽ എ.ഡി.ബി.യുടെ ഉപദേശികളിൽ പലരും ഇത്തരത്തിലുള്ള 'സന്നദ്ധപ്രവർത്തകരാ'ണ്. പട്ടിണിമരണങ്ങളുടെ പടമെടുക്കാൻ ക്യാമറയുമായി പാഞ്ഞുനടക്കുകയും ശീതീകരിച്ച മുറികളിലിരുന്ന് ചർച്ചകളിൽ മുഴുകുകയും മാത്രം ചെയ്യുന്ന ധാരാളം എൻ.ജി.ഒ.കൾ കേരളത്തിലുണ്ട്.

സാമ്രാജ്യത്ത സാമ്പത്തിക പരിഷ്ക്കരണ പദ്ധതികൾ പൊതുമേഖലയെ പൂർണ്ണമായും തകർക്കുമ്പോൾ അതിനെ തൽക്കാലം താങ്ങിനിർത്താൻ പാകത്തിൽ എൻ.ജി.ഒ.കളെ അവർ വളർത്തിയെടുക്കും. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ സേവന വിതരണത്തിൽ വലിയ പങ്കുവഹിക്കാൻ എൻ.ജി.ഒ.കൾക്ക് കഴിയുമെന്ന കാഴ്ചപ്പാടാണ് എ.ഡി.ബി.ക്കുള്ളത്. ചർച്ചാ സംഘങ്ങളും ഉപദേശകരുമെന്ന നിലയിൽ സാമ്പത്തിക പരിഷ്ക്കാരങ്ങളിൽ (തെരഞ്ഞെടുത്ത) എൻ.ജി.ഒ.കുടെ പങ്ക് വ്യവസ്ഥാപിതമാക്കപ്പെടണമെന്ന് എ.ഡി.ബി. നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്പോൾ എ.ഡി.ബി. ഉയർത്തുന്ന 'ഗുഡ് ഗവർണൻസ്' മുദ്രാവാക്യത്തിന്റെ ആഗോള പ്രചാരകർ ചില എൻ.ജി.ഒ.കളാണ്. സാമ്രാജ്യത്ത ഏജന്റുമാരായ ഇത്തരം സംഘങ്ങൾ വിവിധ സമൂഹങ്ങളിൽ നടത്തുന്ന ചർച്ചകളും സെമിനാറുകളും സമരാനുഷ്ഠാനങ്ങളുമെല്ലാം മുഖം മിനുക്കുകൾ മാത്രമാണ്.

കേരളത്തിലെ വലതുപക്ഷമായി കണക്കാക്കപ്പെടുന്ന ഇന്നത്തെ ഭരണകൂട്ടുകെട്ട് എ.ഡി.ബി.യേയും അതിന്റ അനുബന്ധമായ ആഗോള മുതൽമുടക്കുമേളയേയും അനകൂലിക്കുമ്പോൾ, ഇവിടത്തെ 'ഇടതുപക്ഷ'മെന്നറിയപ്പെടുന്ന ഇന്നത്തെ പ്രതിപക്ഷ മുന്നണി അടിസ്ഥാനപരമായി അതിനാട് ഭിന്നമായൊരു നിലപാട് ഇതുവരെ ജനസമക്ഷം അവതരിപ്പിച്ചിട്ടില്ല. 'ഇടതു'ഭരണകാലത്ത് ഇ. കെ. നായനാരും സുശീലാഗോപാലനും വിദേശ കുത്തകകളെ തേടി പാശ്ചാത്യ നാടുകളിൽ അലഞ്ഞെങ്കിലും കാര്യമായൊരു വ്യവസായവും കേരളത്തിലേയ്ക്ക് വന്നില്ല. അതുകൊണ്ടുതന്നെ ആന്റണിയും കുഞ്ഞാലിക്കുട്ടിയും കൂടി ഇപ്പോൾ ആരംഭിച്ചിരിക്കുന്ന ജൈത്രയാത്രയെ അവർക്ക് എതിർക്കാനുമാവില്ല.

എന്നാൽ, കോഴിക്കോട്ടെ ഡി.വൈ.എഫ്.ഐ. പ്രവർത്തകർ ഇത്തരം പരിമിതികളെ അംഗീകരിക്കാൻ വിസമ്മതിച്ചു. 'പോരാട്ടം' എ.ഡി.ബി.ഓഫീസ് തകർത്തതിനു തൊട്ടുപിന്നാലെ കോഴിക്കോട്ടെത്തിയ എ.ഡി.ബി. സായിപ്പന്മാരെ ഡി.വൈ.എഫ്.ഐ. പ്രവർത്തകർ തടഞ്ഞു. 'സാമ്രാജ്യത്ത വിരുദ്ധ സമരത്തിന്റെ പാരമ്പര്യമുള്ള കോഴിക്കോട് നഗരത്തിലൂടെയുള്ള എ.ഡി.ബി. സംഘത്തിന്റെ യാത്ര നാടിന് അപമാനകരമാണെ'ന്നും 'സാമ്രാജ്യത്ത ഏജന്റുമാരെ ഇവിടെ കാലുകുത്താൻ അനുവദിക്കില്ലെന്നുള്ളത് ഡി.വൈ.എഫ്.ഐ. യുടെ പ്രഖ്യാപിതനയ'മാണെന്നും, 'കേരളത്തെ പണയപ്പെടുത്തുന്നതിന്റെ ഭാഗമാണ് ഈ സന്ദർശന'മെന്നും ഡി.വൈ.എഫ്.ഐ. നേതാവ് പ്രദീപ്കുമാർ പ്രഖ്യാപിച്ചു ഒന്നരലക്ഷം യുവാക്കളെ അണിനിരത്തി ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് തടയുമെന്ന ഡി.വൈ.എഫ്.ഐ.സംസ്ഥാന സെക്രട്ടറി ടി. ശശിധര

ന്റെ പ്രസ്താവനയും തൊട്ടുപിന്നാലെവന്നു.

'ഇടതുപക്ഷ'ത്തിന്റെ കോഴിക്കോട് കോർപ്പറേഷൻ മേയർ തോട്ടത്തിൽ രവീന്ദ്രൻതന്നെയാണ് സായിപ്പുമാരെ എഴുന്നള്ളിച്ചുകൊണ്ട് നടന്നിരുന്നതെന്നത് പാർട്ടി നേതൃത്വത്തെ ആകെ അങ്കലാപ്പിലാക്കി. ഡി.വൈ.എഫ്.ഐ.യുടെ കേന്ദ്ര നേതൃത്വം ഉടൻതന്നെ പത്രസമ്മേളനം നടത്തി പറ്റിയ തെറ്റ് തിരുത്തി. 'വിദേശ നിക്ഷേപങ്ങൾക്കോ, സ്വകാര്യമേഖലയ്ക്കോ ഡി.വൈ.എഫ്.ഐ. എതിരല്ല' എന്ന് സംഘടനയുടെ അഖിലേന്ത്യാ പ്രസിഡന്റ് എൻ. എൻ. കൃഷ്ണദാസ് അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു. 'മീറ്റ് സ്തംഭിപ്പിക്കൽ പാർട്ടിനയമല്ല. ഉൽപ്പാദനരംഗത്തുള്ള നിക്ഷേപത്തെ എതിർക്കുന്ന നിലപാടില്ല. എന്നാൽ, അപകടകരമായ വ്യവസ്ഥകളോടുകൂടിയ നടപടികളേയും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വിൽക്കുന്നതിനെയും എതിർക്കും. മീറ്റ് തടയുന്ന കാര്യം ഞങ്ങളുടെ മുമ്പിലില്ല' എന്ന പിണറായി വിജയന്റെ പ്രസ്താവനയോടെ 'ഇടതു'പക്ഷം വലതുപക്ഷത്തിന് പിന്നിൽനിന്ന് 'കീ-ജയ്' വിളിച്ചു.

**ബദൽ വികസന പരിപ്രേക്ഷ്യം:** ഇവിടെ വികസനത്തെക്കുറിച്ച് ഇന്നുവരെയുണ്ടായിട്ടുള്ള ധാരണകളെത്തന്നെ നമുക്ക് പൊളിച്ചെഴുതേണ്ടതായിട്ടുണ്ട്. വിദേശ മുതൽമുടക്കും സഹായവും നിർദ്ദേശങ്ങളും കൊണ്ടുണ്ടായ ഏങ്കോണിപ്പോടുകൂടിയ, അടിത്തറയില്ലാത്തതും പരാശ്രിതവും അശാസ്ത്രീയവുമായ 'വികസനം' യഥാർത്ഥ വികസനമല്ലെന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. ഭരണാധികാരികൾ ഇന്ന് ലക്ഷ്യം വയ്ക്കുന്നതായി പറയുന്ന, ആഗോളവായ്പകളിലൂടെയും മുതൽമുടക്കുകളിലൂടെയുമുള്ള 'വികസന'ത്തിന് സാമ്രാജ്യത്ത ചൂഷണതാല്പര്യങ്ങളിൽനിന്നും സ്വതന്ത്രമായ, സ്വാശ്രിതമായ ഒരു സമ്പദ്ഘടന പടുത്തുയർത്താൻ കഴിയുമോ? ലോകത്തൊരിടത്തെയും അനുഭവങ്ങൾ അങ്ങനെ കഴിയുമെന്ന വാദത്തെ സാധൂകരിക്കുന്നില്ല.

എന്നാൽ, ആഗോള മുതൽമുടക്കിന് എന്താണ് ബദൽ എന്ന ചോദ്യം പലരും ഉന്നയിക്കുന്നുണ്ട്. ബദലിനെക്കുറിച്ച് വ്യക്തതയുണ്ടെങ്കിൽ മാത്രമേ അപായകരം എന്ന് ഉത്തമബോധ്യമുള്ള ഒരു പദ്ധതിയെ ചെറുക്കാനാവൂ എന്ന വാദം സാമാന്യ യുക്തിക്കുപോലും നിരക്കുന്നതല്ല. സാമ്രാജ്യത്ത സാമ്പത്തിക കടന്നാക്രമണങ്ങൾക്കും നാടൻ ഭരണവർഗങ്ങളുടെ രാജ്യദ്രോഹനയങ്ങൾക്കുമെതിരായ ചെറുത്തുനിൽപ്പിൽ ഐക്യപ്പെടുന്ന ശക്തികളുടെ ഒരു കൂട്ടുകെട്ടിന് ബദലിന്റെ കാര്യത്തിൽ അഭിപ്രായ ഐക്യം തുടക്കം തൊട്ടുതന്നെ ഉണ്ടായിക്കൊള്ളണമെന്നില്ല. യോജിച്ചുള്ള പോരാട്ടങ്ങളുടെയും അതിന്റെ ഭാഗമായുള്ള പുത്തൻ അന്വേഷണങ്ങളുടെയും പ്രക്രിയയിൽ സർവ്വസമ്മതമായ ഒരു ബദൽ ഉയർന്നുവരുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്. എങ്കിലും നാട്ടിലെ സ്വന്തം വിഭവങ്ങളെ പരമാവധി ഉപയോഗപ്പെടുത്തുന്നതും ജനങ്ങളുടെ ആവശ്യകതകൾക്കനുസരിച്ചുള്ളതുമായ ഒരു സ്വാശ്രിത ഉൽപ്പാദന-വിതരണ വ്യവസ്ഥയുടെയും അതിന്റെ നിലനില്പിനും വികാസത്തിനും അനുയോജ്യമായ ഒരു രാഷ്ട്രീയാധികാര ഘടനയുടെയും സൃഷ്ടിയെ ഇത്തരമൊരു ബദലിന്റെ ഏകദേശരൂപമായി ഇപ്പോൾത്തന്നെ ഉന്നയിക്കാവുന്നതാണ്.

**ഉപസംഹാരം:** കഴിഞ്ഞ 5 ദശകങ്ങളായി വിദേശ നിക്ഷേപങ്ങളും വായ്പകളും വാങ്ങിയുണ്ടാക്കിയ വികസം അടിസ്ഥാനമില്ലാത്തതും തുടർവികസന സാദ്ധ്യതയില്ലാത്ത

തും ലോകസാമ്രാജ്യത്ത സമ്പദ്ഘടനയുമായി അഭേദ്യബന്ധമുള്ളതും അതിനെ സേവിക്കുന്നതും ആയിരുന്നു. ഇതിന്റെ ഫലമായി വാങ്ങിയ കടങ്ങൾ പലതും തിരിച്ചടക്കാൻ കഴിഞ്ഞിട്ടില്ലെന്നുമാത്രമല്ല, അവയുടെ പലിശയടക്കാൻപോലും വീണ്ടും കടം വാങ്ങി മുടിയേണ്ട അവസ്ഥയുണ്ടാവുകയും ചെയ്തിരിക്കുന്നു. ഇന്ത്യയുടെ ഇപ്പോഴത്തെ വിദേശക്കടം 8 ലക്ഷം കോടിയാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. അതിൽ കേരളത്തിന്റെ ബാധ്യത മുപ്പതിനായിരം കോടിയുമാണത്രെ. ഇതുവരെ നടപ്പാക്കിയ വികസന പദ്ധതികൾ നമ്മുടെ നില മെച്ചപ്പെടുത്തേണ്ടതിനുപകരം എല്ലാത്തരത്തിലും വിനാശകാരികളായി തീർന്നിട്ടുള്ളത് അതിന്റെ സാമ്രാജ്യത്ത, ഉപരിവർഗസേവയും ആശ്രിതത്വവും കൊണ്ടുമാത്രമാണ്. സാമ്രാജ്യത്ത സാമ്പത്തിക പ്രതിസന്ധി ആദ്യം നമ്മുടെ നാട്ടിലെ ആദിവാസി-ദളിത്-സ്ത്രീ-ദുർബ്ബല വിഭാഗങ്ങളുടെയും തുടർന്ന് ഇടത്തരക്കാരുൾപ്പെടെയുള്ള മുഴുവൻ സമൂഹത്തിന്റെയും നിലനില്പ്പ് അപായപ്പെടുത്തുന്നതിന്റെയും കാരണങ്ങൾ സമ്പദ്ഘടനയുടെ ഈ ആശ്രിതത്വത്തിലും സേവയിലുമാണ് തേടേണ്ടത്.

സാമ്രാജ്യത്ത ശക്തികൾ തങ്ങളുടെ പുത്തൻ കൊളോണിയൽ താല്പര്യങ്ങൾക്കനുസൃതമായി പഴയ കോളനിനാടുകളിൽ വളരാനനുവദിച്ചത് ഇത്തരമൊരു ആശ്രിത സമ്പദ്ഘടനയെ മാത്രമായിരുന്നു. അവരുടെ വായ്പകളും സഹായങ്ങളും മുതൽമുടക്കുകളുമെല്ലാം സാമ്രാജ്യത്ത-പുത്തൻ കൊളോണിയൽ ദൗത്യങ്ങൾ നിർവ്വഹിക്കാനുള്ളവയുമായിരുന്നു. മൂന്നാം ലോക രാജ്യങ്ങിൽ താരതമ്യേന ഏറ്റവും വികസിതമെന്ന് കരുതപ്പെട്ടിരുന്ന അർജന്റീനയ്ക്കുപോലും ഇന്നത്തെ സാമ്രാജ്യത്ത സാമ്പത്തിക പ്രതിസന്ധിയുടെ ഫലങ്ങളെ മറികടക്കാനാവാതെ അതിന്റെ ചുഴിയിൽ ആടിയുലഞ്ഞു താഴേണ്ടിവന്നതും അതുകൊണ്ടുതന്നെയാണ്.

സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും വേണ്ടി വിദേശീയാധിപത്യത്തിനെതിരായി ദീർഘകാലം പോരാടിയ മഹത്തായ പാരമ്പര്യമാണ് നമുക്കുള്ളത്. ഏറെ രക്തവും വിയർപ്പും നാം അതിനുവേണ്ടി ചിന്തിയിട്ടുണ്ട്. എന്നാൽ, വിദേശീയാധിപത്യം ഇന്ന് നമ്മുടെ ഗ്രാമാന്തരങ്ങളിൽക്കൂടി പ്രച്ഛന്നവേഷത്തിൽ വ്യാപിക്കുന്നതാണ് നാം കാണുന്നത്. രാജ്യസ്നേഹമുള്ള ആർക്കാണ് ഇതനുവദിക്കാൻ കഴിയുക?

നാടിനെ അടിമത്വത്തിലേക്കും വിനാശത്തിലേക്കും നയിക്കുന്ന ആഗോള മുതൽമുടക്കുമേളയെ ചെറുത്തുതോൽപ്പിക്കാൻ സങ്കുചിതമായ കക്ഷിരാഷ്ട്രീയത്തിനതീതമായി മുഴുവൻ ദേശാഭിമാനികളും അണിചേരണമെന്ന് വിദേശ കുത്തക മുതൽമുടക്കു വിരുദ്ധ സമരസമിതി ആഹ്വാനം ചെയ്യുന്നു. ഇന്ത്യ, കേരളം സാമ്രാജ്യത്വത്തിന്റേതോ അതിന്റെ ദല്ലാളന്മാരുടേതോ അല്ല; മറിച്ച് ജനങ്ങളുടേത് മാത്രമാണെന്ന ആശയംകൊണ്ട് നമുക്ക് ആവേശഭരിതരാകാം. ഉണരുക! ഉയരുക! ആഞ്ഞടിക്കാൻ തയ്യാറാവുക!

- ✶ **വിദേശ മുതൽമുടക്ക് വേണ്ടേ വേണ്ട.**
- ✶ **എ.ഡി.ബി. പുറത്തുപോവുക.**
- ✶ **ആഗോള മുതൽമുടക്കുമേളയെ ഉപരോധിക്കാൻ മുഴുവൻ ദേശാഭിമാനികളും ഒന്നിക്കുക.**

**വിദേശ കുത്തക മുതൽമുടക്കു വിരുദ്ധ സമരസമിതി**
D.No. XL/4375, ഇടത്തിൽ ബിൽഡിംഗ്, മാർക്കറ്റ് റോഡ്, കൊച്ചി-35.